കുന്ദമംഗലം നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ഫണ്ടിൽനിന്നും ചികിത്സാ സഹായം

20 [782] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്രപേർക്ക് മുഖ്യമന്ത്രിയുടെ ഫണ്ടിൽ നിന്നും ചികിത്സാ സഹായം വിതരണം ചെയ്തു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി എന്തു തുക ചെലവായിയെന്ന് വ്യക്തമാക്കുമോ;

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് എന്തു തുക വീതം വിതരണം ചെയ്തു എന്ന് പേരുവിവരം ഉൾപ്പെടെ വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണക്കുകൾ ലഭ്യമല്ല.

സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് വികലാംഗർക്ക് സ്ഥിരം നിയമനം

21 [783] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-1997 മുതൽ 14-8-1998 വരെ എംപ്ലോയ്മെൻറ് എക്സ് ചേഞ്ച് മുഖേന താൽക്കാലികമായി ജോലി ചെയ്തിരുന്ന മുഴുവൻ വികലാംഗരേയും സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതേ ആനുകൂല്യം 15-8-1998 മുതൽ 15-8-1999 വരെ സർവ്വീസിൽ താൽക്കാലികമായി ജോലി ചെയ്ത മുഴുവൻ വികലാംഗർക്കും നൽകിയിട്ടുണ്ടോ;

(സി) വികലാംഗരായ ജീവനക്കാർ ജോലിയിൽ പുനഃപ്രവേശിച്ച തീയതി മുതൽ അവരുടെ സർവ്വീസ് കാലയളവായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഈ ആനുകൂല്യം 1-1-1997 മുതൽ 14-8-1998 വരെ ജോലി ചെയ്ത വികലാംഗ ജീവനക്കാർക്കും ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ, ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മേൽപറഞ്ഞ ആനുകൂല്യം ലഭ്യമാക്കുന്നതിന് നിലവിലുള്ള ഉത്തരവിൽ ഭേദഗതി വരുത്താൻ തയ്യാറാകുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-1-1997 മുതൽ 14-8-1998 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജോലി നോക്കിയിരുന്ന മുഴുവൻ വികലാംഗരേയും സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് സർവ്വീസിൽ സ്ഥിരപ്പെടുത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 15-8-1998 മുതൽ 15-8-1999 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച് 179 ദിവസമോ അതിൽ കൂടുതലോ സർവ്വീസ് പൂർത്തിയാക്കിയ വികലാംഗരെ സ്ഥിരപ്പെടുത്താൻ ഉത്തരവായിട്ടുണ്ട്. നാളിതുവരെ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ 507 വികലാംഗരെ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) വികലാംഗ ജീവനക്കാർ ജോലിയിൽ പുനഃപ്രവേശിച്ച തീയതി മുതൽ സർവ്വീസ് കാലയളവായി പരിഗണിച്ചിട്ടുണ്ട്. ഈ ആനുകൂല്യം 1-1-1997 മുതൽ 14-8-1998 വരെ ജോലി ചെയ്ത വികലാംഗർക്കും ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

കാസർഗോഡ് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് നിയമനം

22. [785] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഇപ്പോൾ പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പി. എസ്. സി. ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഈ ഒഴിവുകളിൽ നിലവിലുള്ള പി. എസ്. സി. ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി & ഡി) പി. എസ്. സി. യിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

N.B. [ശ്രീ. ഡി. സുഗതൻ 5-7-2005-ന് എം. എൽ. എ. സ്ഥാനം രാജിവച്ചതിനാൽ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ (784) പരിഗണിക്കപ്പെട്ടില്ല.]

LIBRARY ARCHIVES Kerala Legislative Assembly